പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2423

23.1.2014ൽ മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെപരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സർക്കാർ നടപടികളുടെ ഭാഗമായി ഈ വ്യവസായ മേഖലയിൽ സഹായം ലഭിച്ച വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും ശക്തി പ്പെടുത്തുവാനും വേണ്ടി 2013-14 ലെ ബഡ്ജറ്റിൽ കശുവണ്ടി മേഖലക്ക് 71.5 കോടി രൂപ , കയർ മേഖലക്ക് 111.37 കോടി രൂപ,കൈത്തറി മേഖലക്ക് 76.76 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ആർസാൻസ് കോർപ്പറേഷൻ സുരഭി,കെൽപാം,കേരള സ്റ്റേറ്റ് ബാമ്പൂ കോർപ്പറേഷൻ എന്നിവക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപക്ക് പുറമെ മൂന്ന് കോടി രൂപ കൂടി ബഡ്ജറ്റ് |

പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ ഗ്രാമീണ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനും കെൽപാമിനുമായി 13.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കയർ, കശുവണ്ടി,ഖാദി,മുള എന്നീ വ്യവസായങ്ങളിലും കര കൗശല മേഖലയിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി)കയർ മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനവർദ്ധിപ്പിക്കുവാൻ ആലപ്പുഴയിൽ കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപന്നങ്ങളും വികസിപ്പിക്കുന്നതിനു വേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ടും, നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർഇൻകുബേഷൻസെല്ലും രൂപീകരിക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. കരകൗശല മേഖലയിൽ കൂടുതൽ തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗാന്ധിശിൽപ-ക്രാഫ്റ്റ് ബസാറുകളും പ്രദർശന വിപണനമേളകളും രാജ്യത്തിന്റെ കൂടുതൽ സ്ഥലങ്ങളിൽ സംഘടിപ്പിക്കുക കൂടുതൽ തൊഴിലാളികളെഉൾപ്പെടുത്തിയും ഉൽപന്നങ്ങളുടെ നവീകരണ പ്രക്രിയ വഴിയും ഉൽപാദനത്തിന്റെ സമയ ദൈർഘ്യം കുറച്ചും കോമൺഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുക എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഖാദിമേഖലയിൽ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം,കണ്ണൂർ ജില്ലയിലെ എറ്റുക്കുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ

ആധുനീകവത്ക്കരണവും നവീകരണവും നെയ്ത്തുകാർക്കും നൂൽ നൂൽപുകാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും വാർത്താവിതരണവും പ്രചരണവും പരിശീലനവും ,ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവല്ക്കരണം തേനീച്ച വളർത്തൽ വ്യവസായ വികസനം,ഖാദി വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും സംഭരണ ശാലകളുടെ ആധുനീകവൽക്കരണവും വിൽപന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർ വല്ക്കരണവും നവീകരണവും ഖാദിമേഖലയിലെ സഹകരണ സംഘങ്ങൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം,പ്രത്യേക തൊഴിൽദാന പദ്ധതി, പീഡിതവും പ്രവർത്തനരഹിതവുമായ ഗ്രാമവ്യവസായ സഹകരണസംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങൾക്കുമുള്ള ധന സഹായം, തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി, ഗോപിനാഥൻനായർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഖാദി വ്യവസായ നവീകരണം എന്നീ പദ്ധതികൾ 2014-15 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

മുള വ്യവസായ മേഖലയുടെ ഉന്നമനത്തിനായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കശുവണ്ടി വ്യവസായ മേഖലയിൽ ആധുനീക വല്ക്കരണത്തിനും ഭാഗീക യന്ത്ര വൽക്കരണത്തിനും അന്താരാഷ്ട്ര വിപണിയിൽ ബ്രാൻഡ് പ്രൊമോഷനുമായി പദ്ധതികൾ നടപ്പിലാക്കുന്നു.

Gnaden

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്